KERALA INSTITUTE OF LOCAL ADMINISTRATION
An autonomous body constituted by the Government of Kerala

Phone (Office) : +91 487 - 2207000
Fax : +91 487 - 2201062
Email : info@kila.ac.in

2022/5749/HQ 09/03/2023

**ദർഘാസ് നോട്ടീസ്.**

കില ഹെഡ്കോട്ടേഴ്സിലെ ആരവല്ലി ഗസ്റ്റ്ഹൌസിൽ ചുവടെ നൽകിയ നെറ്റ് വർക്കിംഗ് സംബന്ധമായി പ്രവർത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ വിതരണം ചെയ്ത് താഴെ വിവരിച്ചിരിക്കുന്ന ജോലികൾ നടത്തുന്നതിനായി പ്രസ്തുത ജോലികൾ ചെയ്തു നൽകുന്ന അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ആയതിലേക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്രവച്ച ദർഘാസ് ക്ഷണിക്കുന്നു.

| നം. | വിവരണം. | അളവ്. |
|---|---|---|
| 1 | 6 Core Armoured Fiber Cable (Dlink) | Per Metre |
| 2 | HDPE Pipe | Per Metre |
| 3 | Laying of Armed OFC Cable | Per Metre |
| 4 | Fixing of 32 mm PVC Pipe | Per Metre |
| 5 | Digging work minimum 2 Feet Depth (0.60 Metre Depth) | Per Metre |
| 6 | Splicing / Terminating of Optical Cable Using Necessary PVC Boxes and other Cables and Connectors (if any) | Lump Sum |
| 7 | Testing and Commessioning | Lump Sum |

ഏകദേശം 90 മീറ്ററോളം മേൽപ്പറഞ്ഞ പ്രവർത്തികൾ ചെയ്യേണ്ടതായുണ്ട് . ദർഘാസിൽ പങ്കെടുക്കുന്നവർ Cable Lay ചെയ്യേണ്ടുന്ന സ്ഥലം , ദൂരം , നിലവിലെ Cable ന്റെ സ്ഥിതി മുതലായവ നേരിട്ട് കണ്ട് ഉറപ്പുവരുത്തിയ ശേഷം മാത്രം തുക രേഖപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും മറ്റും കില ഐടി വിഭാഗം സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ ബന്ധപ്പെടേണ്ടതാണ്. മേൽ വിവരിച്ച പട്ടികയിലെ എല്ലാ സാധനങ്ങളുടെയും ജോലിയുടെയും കൂടിയുള്ള തുകയാണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത്. ദർഘാസിനു പുറത്ത് കില ഹെഡ്കോട്ടേഴ്സിലെ ആരവല്ലി ഗസ്റ്റ്ഹൌസിലെ നെറ്റ് വർക്കിംഗ് സംബന്ധമായി പ്രവർത്തികൾക്കുള്ള ദർഘാസ് എന്ന് രേഖപ്പടുത്തി ടെക്നിക്കൽ ബിഡ് , ഫിനാൻഷ്യൽ ബിഡ് എന്നിങ്ങനെ സമർപ്പിക്കേണ്ടതാണ്. ദർഘാസിൽ പങ്കെടുക്കുന്നവർ മേൽ വിവരിച്ച ജോലികൾക്കാവശ്യമായ എല്ലാ മെറ്റീരിയലുകളും സ്വന്തം ഉത്തരവാദത്തിലും ചെലവിലും കൊണ്ടുവരേണ്ടതും ആയതുമായ ബന്ധപ്പെട്ട എല്ലാ ചെലവുകളും ഉൾപ്പെടയുള്ള തുകയാണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത്. ടു കവർ സിസ്റ്റം (ടെക്നിക്കൽ ബിഡ് & പ്രൈസ് ബിഡ്) മാതൃകയിലാണ് ദർഘാസുകൾ സ്വീകരിക്കുന്നത്. പ്രസ്തുത ജോലിയുടെ വിശദമായ ഡ്രോയിംഗും , സാങ്കേതിക യോഗ്യത തെളിയിക്കുന്ന രേഖകളുമാണ് ടെക്നിക്കൽ കവറിൽ ഉൾപ്പെടുത്തേണ്ടത്. പ്രസ്തുത ടെക്നിക്കൽ കവറുകൾ ആദ്യം പരിശോധിക്കുന്നതും അതിൽ നിന്നും ടെക്നിക്കൽ കമ്മിറ്റി തെരെഞ്ഞെടുക്കുന്നവരുടെ മാത്രം തുക രേഖപ്പെടുത്തിയ ദർഘാസുകൾ പരിശോധിക്കുന്നതും ടി ദർഘാസുകളിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ദർഘാസ് അംഗീകരിക്കുന്നതുമാണ്. ടെക്നിക്കൽ ബിഡുകൾ പരിശോധിക്കുമ്പോൾ സമർപ്പിച്ചിട്ടുള്ള ഡ്രോയിംഗും സാങ്കേതിക മികവും കൂടാതെ കരാറുകാരന്റെ മുൻപരിചയവും വിലയിരുത്തിയായിരിക്കും കരാറുകാരെ

* This is a computer generated document. Hence no signature is required.
Draft #3 of File 2022/5749/HQ Approved by Director General on 20-Mar-2023 06:21 PM - Page 1

തെരെഞ്ഞെടുക്കുന്നത്. ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ബിഡ്ഡറുമായി ആവശ്യമായി വരുന്ന പക്ഷം നെഗോസിയെഷൻ നടത്തുന്നതിനുള്ള അധികാരം കിലയിൽ നിക്ഷിപ്തമാണ്.

**I . ടെക്നിക്കൽ ബിഡ് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.**

1) ടെക്നിക്കൽ ബിഡിൽ കരാറുകാരൻ മേൽപ്പറഞ്ഞ സാങ്കേതിക യോഗ്യതകളും പ്രവൃത്തി പരിചയവും തെളിയിക്കുന്ന രേഖകൾ ഉൾപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞ രീതിയിൽ സമർപ്പിച്ച സാങ്കേതിക യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ പരിശോധനാ വിധേയമാക്കുന്നതാണ്. കൂടാതെ കരാറുകാരന്റെ മുൻപരിചയം തെളിക്കുന്ന രേഖകളും ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്. കൂടാതെ കരാറുകാരന്റെ ആധാർ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവ കൂടി സമർപ്പിക്കേണ്ടതാണ്.
ആധികാരികത ആവശ്യമെങ്കിൽ.

2) കരാറുകാരൻ ടെക്നിക്കൽ ബിഡിനൊപ്പം പ്രസ്തുത ജോലിയുടെ ഡ്രോയിംഗും സമർപ്പിക്കേണ്ടതാണ്. കരാറുകാരൻ ടിയാന്റെ സാങ്കേതിക പരിജ്ഞാനം ഉപയോഗിച്ച് പ്രസ്തുത ജോലി ഏറ്റവും കുറ്റമറ്റ രീതിയിൽ ചെയ്യുന്നതിനായി ശ്രദ്ധിക്കേതാണ്.
3) ജോലിയുടെ വിശദാംശങ്ങൾ കില ഐടി ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭ്യമാണ് എന്നാൽ കരാറുകാരൻ ജോലിയുടെ കൂടുതൽ വിവരങ്ങൾ നിർബന്ധമായും ശേഖരിക്കേതും ആയത് കില സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെ അംഗീകാരത്തിന് വിധേയമായി വിനിയോഗിക്കേണ്ടതുമാണ്.
4) ഇ.എം.ഡി.തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ്/മറ്റ് വിവരങ്ങൾ എന്നിവ ടെക്നിക്കൽ ബിഡ്ഡിൽ ഉൾപ്പെടുത്തതാണ്.
5) സമർപ്പിക്കുന്ന ദർഘാസുകൾക്ക് ദർഘാസുകൾ സമർപ്പിച്ച തിയ്യതി മുതൽ 90 ദിവസത്തെ കാലാവധിയുണ്ടായിരിക്കും. ഈ കാലയളവിൽ ദർഘാസ് സമർപിച്ച വ്യക്തി ദർഘാസ് പിൻവലിക്കുകയോ മാറ്റം വരുത്തുയോ മറ്റോ ചെയ്യുന്ന പക്ഷം ടിയാന്റെ നിരതദ്രവ്യം കിലയിലേക്ക് കണ്ടുകെട്ടുന്നതിന് കിലക്ക് അധികാരമുണ്ടായിരിക്കും.

**II .കരാറുകാരനുണ്ടായിരിക്കേണ്ട സാങ്കേതിക യോഗ്യതകളും പ്രവൃത്തി പരിചയവും**

ദർഘാസ് സമർപ്പിക്കുന്ന കരാറുകാരൻ പ്രസ്തുത ജോലികൾ കേരള സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ കമ്പനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർക്കുവേണ്ടി ചെയ്തിട്ടുള്ളവരായിരിക്കണം. മേൽ സൂചിപ്പിച്ച ജോലികളുടെ വർക്ക് ഓർഡർ, കരാർ, വർക്ക് കംപ്ലീഷൻ സർട്ടിഫക്കറ്റ് എന്നിവയിലേതെങ്കിലുമോ എല്ലാമോ ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.
**III. ഫിനാൻഷ്യൽ ബിഡ് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.**

ഫിനാൻഷ്യൽ ബിഡിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്ന ദർഘാസ് ഫോറത്തിൽ എല്ലാ പേജിലും ഒപ്പ വയ്ക്കേണ്ടതും പൂർണ്ണമായും പൂരിപ്പിക്കേണ്ടതുമാണ്. എല്ലാ നികുതികളും ഉൾപ്പെടെയുള്ള തുകയായിരിക്കണം ദർഘാസിൽ രേഖപ്പെടുത്തേണ്ടത്. ടി തുകയ്ക്ക് പുറമെ അധികമായി മറ്റൊരു നികുതികളും ഉൾപ്പെടുത്താൻ പാടില്ല. ദർഘാസ് സമർപ്പിക്കേണ്ടതിനായുള്ള ഫോറങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.
**IV. ദർഘാസ് വ്യവസ്ഥകൾ/നിബന്ധനകൾ.**

1) കില സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ,കില കൺസൾട്ടന്റ് എൻജിനീയർ എന്നിവർ നൽകുന്ന നിർദേശങ്ങൾക്ക് അനുസരിച്ച് പ്രസ്തുത ജോലികൾ നിർവഹിക്കേണ്ടതിനാവശ്യമായ എല്ലാ കയറ്റിറക്കു ജോലികളും മറ്റ് ജോലികളും കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും നിർവഹിക്കേണ്ടതാണ്.

Draft #3 of File 2022/5749/HQ Approved by Director General on 20-Mar-2023 06:21 PM - Page 2
* This is a computer generated document. Hence no signature is required.

2) വർക്ക് ഓർഡർ ലഭിച്ച്  ഒരാഴ്ചക്കകം ജോലി ആരംഭിക്കേണ്ടതും 15 ദിവസത്തിനകം  മാസത്തിനകം ജോലി പൂർത്തീകരിക്കേണ്ടതാണ്.

3).  ദർഘാസ് നടപടികൾ ഏത് ഘട്ടത്തിലും ആയതിൽ ഭേദഗതി വരുത്തുന്നതിനും റദ്ദ് ചെയ്യുന്നതിനും കില ഡയറക്ടർ ജനറലിന് അധികാരം ഉണ്ടായിരിക്കും.

4) ബഹു കേരള സർക്കാരിന്റെ എല്ലാ ദർഘാസ് വ്യവസഥകളും ഈ ദർഘാസിനും ബാധകമായിരിക്കും.

5). ഇതിന്റെ വിശദാംശങ്ങൾക്കായി  കിലയുടെ ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ നേരിട്ട് വിളിക്കാവുന്നതാണ്.

ഫോൺ നമ്പർ 0487-2207000.

ഇമെയിൽ : **info@kila.ac.in**

Draft #3 of File 2022/5749/HQ Approved by Director General on 20-Mar-2023 06:21 PM - Page 3

**<u>ദർഘാസ് വിവരങ്ങൾ .</u>**

| | |
|---|---|
| അടങ്കൽ തുക (എല്ലാ നികുതികളും – ഉൾപ്പെടെ) | 2,80,000/- |
| നിരതദ്രവ്യം | 2800 /- |
| സെക്യൂരിറ്റി ഡെപോസിറ്റ് | 15000/- |
| ദർഘാസ് ഫോറത്തിന്റെ വില | 600+ GST (18%) |
| ദർഘാസ് ഫോറത്തിന്റെ വിൽപ്പന അവസാനിക്കുന്ന തിയതിയും സമയവും | 01/04/2023.03.00 PM |
| ദർഘാസ് സ്വീകരിക്കുന്ന അവസാന തിയതിയും സമയവും | 03/04/2023.03.00 PM |
| ദർഘാസ് തുറക്കുന്ന തിയതിയും സമയവും | 03/04/2023.04.00 PM |

നിരതദ്രവ്യം/ദർഘാസ് ഫോറങ്ങളുടെ വില എന്നിവ ഡയറ്കടർ ജനറൽ ,കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ,മുളങ്കുന്നത്തുകാവ്,തൃശ്ശൂർ എന്നിവരുടെ  പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ / മറ്റ് ബാങ്കിങ് ട്രാൻസ്ഫർ വിധത്തിലോ സമർപ്പിക്കേണ്ടതാണ്

**Sd/-**

**ഡയറക്ടർ ജനറൽ**

**കില**

സ്വീകർത്താവ്,

1) ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,

2) മുളങ്കുന്നത്തുകാവ് പഞ്ചായത്ത് നോട്ടീസ് ബോർഡ്

3) തൃശ്ശൂർ കോർപ്പറേഷൻ നോട്ടീസ് ബോർഡ്

4) കില ഐ ടി വിഭാഗം

* This is a computer generated document. Hence no signature is required.

– വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്

5) കില നോട്ടീസ് ബോർഡ്.

**അനുബന്ധം.1**

**<u>'ഫിനാൻഷ്യൽ ബിഡ് സമർപ്പിക്കേണ്ട മാതൃക.</u>**

| നം. | വിവരണം. | അളവ്. | തുക എല്ലാനികുതികളും മറ്റ് ചാർജ്ജുകളും ഉൾപ്പെടെ (₹) | ജി എസ് ടി തുക (₹) |
|---|---|---|---|---|
| 1 | 6 Core Armoured Fiber Cable (Dlink) | Per Metre | | |
| 2 | HDPE Pipe | Per Metre | | |
| 3 | Laying of Armed OFC Cable | Per Metre | | |
| 4 | Fixing of 32 mm PVC Pipe | Per Metre | | |
| 5 | Digging work minimum 2 Feet Depth (0.60 Metre Depth) | Per Metre | | |
| 6 | Splicing / Terminating of Optical Cable Using Necessary PVC Boxes and other Cables and Connectors (if any) | Lump Sum | | |
| 7 | Testing and Commessioning | Lump Sum | | |

Draft #3 of File 2022/5749/HQ Approved by Director General on 20-Mar-2023 06:21 PM - Page 4

* This is a computer generated document. Hence no signature is required.

| | | | | |
|---|---|---|---|---|
| | **Total** | | | |

Draft #3 of File 2022/5749/HQ Approved by Director General on 20-Mar-2023 06:21 PM - Page 5

അനുബന്ധം.2

I സ്ഥാപനത്തിന്റെ വിവരങ്ങൾ

1. സ്ഥാപനത്തിന്റെ പേര്

2. വിലാസം

ഫോൺ നം..

ഇമെയിൽ .

3. രജിസ്ട്രേഷൻ നം. (Copy to be enclosed)

4. തരം . (Pvt. Ltd, Public, Proprietary)

5. പ്രസ്തുത ജോലികളുമായി ബന്ധപ്പെട്ട് ലൈസൻസ് ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി.

* This is a computer generated document. Hence no signature is required.

II. <u>സ്ഥാപന മേലധികാരിയുടെ വിവരങ്ങൾ</u>

a. **പേര്**

b. സ്ഥാനം

c. വിലാസം

d. **മൊബൈൽ നം.**

Draft #3 of File 2022/5749/HQ Approved by Director General on 20-Mar-2023 06:21 PM - Page 6

* This is a computer generated document. Hence no signature is required.

അനുബന്ധം.3

III. **Turnover for the last 3 financial years**

(Sample Format)

| **Sl. No.** | **Financial Year** | **Turn Over (in Lakhs)** | **Remarks** |
|---|---|---|---|
| 1. | 2019– 20 | | |
| 2. | 2020–21 | | |
| 3. | 2021–22 | | |

SIGNATURE OF BIDDER

Enclose certificate from the Chartered Accountant.

Draft #3 of File 2022/5749/HQ Approved by Director General on 20-Mar-2023 06:21 PM - Page 7

* This is a computer generated document. Hence no signature is required.